(എ) ഫൻ ൪ ൦ അവസാനത്തോടുകൂടി ക്ഷേണസാധനങ്ങളുടെ ഇറക്കുമതി നിലച്ചു പോകുന്നതുമൂലം തൊഴിൽരഹിതരായിത്തീരുന്ന പതിനായിരക്കണക്കിനുള്ള തുറമുഖ തൊഴിലാളികളുടെ ഭരന്തര ഭാവിയെക്കുറിച്ചു പരിചിന്തിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആപത്തിൽനിന്നും തൊഴിലാളികളെ രക്ഷിക്കാൻ ഉടൻ പുതിയപുതിയ വ്യവസായശാലകൾ തുറമുഖപ്രദേശങ്ങളിൽ സ്ഥാപിക്കാൻ ഭയവുണ്ടാകുമോ ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ട്.

(ബി) അതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

Questions posted for answer on 18th January 1950

ഹരിജന മർദ്ദനക്കേസ്

൨൯൦. (൨) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

ചിറ്റൂർ താലൂക്കു് വണ്ണാമടയിൽ ഒരു ഹരിജനമർദ്ദനക്കേസു് നടന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കു് അറിവു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. ഈ സംഭവത്തെപ്പറ്റി കൊഴിഞ്ഞാമ്പാറ പോലീസു് ഒരു കേസു് റജിസ്റ്റർ ചെയ്തു. എന്നാൽ ഇരു കക്ഷികളും രഞ്ജിപ്പിലെത്തി, തുടർന്നുള്ള നടപടികൾ നിറുത്തണമെന്നു് അപേക്ഷിക്കയാൽ ഈ കേസിനെപ്പറ്റിയുള്ള അന്വേഷണം ഫൻ ൭൯ ഡിസമ്പർ ൨൪-൦൯-൫൦ നിറുത്തിവെച്ചു.

പബ്ലിക്കു് റിലേഷൻസു് കമ്മിറ്റി

൨൯൧. (൨൭) ശ്രീ. കോന്നാട്ട കുഞ്ഞിരാമമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെണ്ടിൽനിന്നും പബ്ലിക്കു് റിലേഷൻസു് കമ്മിറ്റി എന്നാണു് സ്ഥാപിച്ചതു് ;

(ബി) അങ്ങനെ സ്ഥാപിച്ചതിനുശേഷം കൊച്ചി ഡിവിഷനിൽനിന്നു എത്ര ഹർജികൾ ഓരോ കമ്മറ്റിക്കും കിട്ടിയിട്ടുണ്ടു് ;

(സി) ഇപ്രകാരം കിട്ടിയിട്ടുള്ള ഹർജികളിൽ എത്ര ഹർജികളിന്മേൽ അന്വേഷണം നടത്തി ;

(ഡി) അന്വേഷണം നടത്തിയ ഹർജികളുടെ മേലുള്ള തീർപ്പുകൾ എന്തെല്ലാമാണു് ;

(ഇ) അന്വേഷണം നടത്തുന്ന സന്ദർഭത്തിൽ ഹർജിക്കാർക്കു അറിവുകൊടുക്കണമെന്നു നിയമമുണ്ടോ ;

(എഫ്) ഹർജി അന്വേഷണത്തിനു തെളിവുകൊടുക്കുവാൻ ഹർജിക്കാരൻ ബാദ്ധ്യസ്ഥനാണോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ഒരു കമ്മിറ്റി ഗവമ്മെണ്ടു് സ്ഥാപിച്ചിട്ടില്ല.

(ബി-എഫ്) ചോദ്യം ഉദിക്കുന്നില്ല.

Short Notice Question No. 5
Short notice question posted for 19th January 1950

ലിഫ്ട് ഇറിഗേഷൻ

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ :

(എ) എലക്ട്രിക്കു് പവ്വർ വേണ്ടത്ര കിട്ടാത്തതുകൊണ്ടു് Lift irrigation വഴി ഇരുകൊല്ലം പുഞ്ചകൃഷി ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന പല സ്ഥലങ്ങളിലും പമ്പിംഗ് ചെയ്യുവാൻ നിവൃത്തിയില്ലെന്നു ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പവർ കിട്ടുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പല ഫാക്ടറികൾക്കും മറ്റും കൊടുക്കുന്ന പവർ കുറവുചെയ്തു പുഞ്ചകൃഷിക്കു പമ്പിംഗ് ചെയ്യുന്നതിനു കൊടുക്കുന്ന കായ്ം ഗവമ്മെണ്ടു് അടിയന്തിരമായി ആലോചിക്കുമോ ;

(സി) പവർ കൊടുക്കുവാൻ സാധിക്കാതെ വരുന്ന സ്ഥലങ്ങളിൽ എൻജിൻവയ്ക്കുന്ന കായ്ം ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly